## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.597 — 08-07-2014-ൽ മറുപടിക്ക്

### അന്യസംസ്ഥാനങ്ങളിൽനിന്ന് സ്പിരിറ്റ് എത്തിച്ചേരുന്നത് തടയാൻ നടപടികൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>" എ. കെ. ശശീന്ദ്രൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽനിന്ന് വ്യാപകമായ തോതിൽ സ്പിരിറ്റ് എത്തിച്ചേരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് സ്പിരിറ്റ് എത്തിച്ചേരുവാൻ സാധ്യതയുള്ളത് ചെക്ക് പോസ്റ്റുകളിലൂടെയാണ്. സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ സംസ്ഥാനത്തിനു പുറത്തു നിന്നും കടത്തിക്കൊണ്ടു വരാനുള്ള സാധ്യത മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ പട്രോളിംഗ് നടത്തി വരികയുമാണ്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയ പാതകളിലും വാഹന പരിശോധന നടത്തി വരുന്നു. |
| (ബി) ആഡംബരകാറുകളും മറ്റ് ചെറു വാഹനങ്ങളും മുഖേനയുള്ള സ്പിരിറ്റ് കടത്ത് തടയുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | (ബി) എല്ലാ എക്സൈസ് ഡിവിഷനുകളിലും കൃത്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രിയും പകലും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതകളിലും മറ്റു പ്രധാന റോഡുകളിലും വാഹന |

പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യത മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും സ്പിരിറ്റ് കടത്തിനെക്കുറിച്ചുള്ള ഇന്റലിജൻസ് ശേഖരിച്ച് അതിന്മേൽ നടപടി എടുത്തു വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയ പാതകളിലും വാഹന പരിശോധന നടത്തി വരുന്നു.

സെക്ഷൻ ആഫീസർ